M 5141

Reg. No.: ...............................

Name : ..................................

# III Semester B.A./B.Sc./B.Com./B.B.A./B.B.A.T.T.M./B.B.M./B.C.A./B.S.W./ B.A. Afsal-Ul-Ulama Degree (CCSS-Regular/Supple./Improv.) Examination, November 2013
## COMMON COURSE IN MALAYALAM
## 3 A 09 MAL : മധ്യകാല കവിത
## (2012 Admn.)

Time : 3 Hours　　　　Max. Weightage : 30

I. **നാലു** വിഭാഗം ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.　　　　**(4×1=4 വെയിറ്റേജ്)**

1) ചപലൻമാർക്കിത്ഥം പറകെന്നു ശീലം
കപടവും ചത്താലൊഴിഞ്ഞു മാറുമോ ?

a) ഏതു കൃതിയിലെ വരികളാണിത് ?

b) ആരുടെ വാക്കുകൾ ?

c) സന്ദർഭമെന്ത് ?

d) ആരോട് പറയുന്നു ?

2) മൂന്നുമൊന്നിലടങ്ങുന്നു പിന്നെയും
ഒന്നുമില്ലപോൽ വിശ്വമന്നേരത്ത്
മൂന്നുകൊണ്ട് ചമച്ചൊരു വിശ്വത്തിൽ
മൂന്നായിട്ടുള്ളു കർമ്മങ്ങളൊക്കെയും

a) ഏതു കൃതിയിലേതാണ് പ്രസ്തുതഭാഗം ?

b) 'മൂന്നുമൊന്നിലടങ്ങുന്നു' വിവക്ഷിതമെന്ത് ?

c) 'മൂന്നുകൊണ്ട് ചമച്ചൊരുവിശ്വം' ഏതൊക്കെ ?

d) മൂന്നായിട്ടുള്ള കർമ്മങ്ങളേതൊക്കെ ?

3) സ്വാമിദ്രോഹികടെ വംശവിച്ഛേദം വരുത്തിയതും
സ്വാമിത്രമന്നവൻമാരെ ദ്രവിപ്പിച്ചതും

a) ഏതു കൃതിയിലെ വരികളാണിത് ?
b) സ്വാമിദ്രോഹികൾ എന്നു കവി വിശേഷിപ്പിക്കുന്നത് ആരെയാണ് ?
c) സ്വാമിദ്രോഹികളുടെ വംശവിച്ഛേദം വരുത്തിയത് ആരാണ് ?
d) 'സ്വാമിത്രമന്നവൻമാർ' അർത്ഥമെന്ത് ?

4) 'ഭൂമി തന്നിലുണ്ടു ഭീമസുതയെന്നൊരു
കാമിനീ കമലലോചന'

a) ഏതു കൃതിയിലെ വരികളാണിവ?
b) ആര് ആരോടു പറയുന്നു ?
c) നളചരിതത്തിന് 'രസികകൗതുകം' എന്നു വ്യാഖ്യാനം രചിച്ചതാര് ?
d) നളചരിതത്തിന് എ. ആർ. രാജരാജവർമ്മ രചിച്ച വ്യാഖ്യാനത്തിന്റെ പേരെന്ത് ?

5) a) ബദറുൽ മുനീർ – ഹുസ്നുൽ ജമാൽ എഴുതിയതാര് ?
b) 'ഇശൽ' എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?
c) 'ബദറുൽ മുനീർ' എന്ന വാക്കിന്റെ അർത്ഥമെന്ത് ?
d) 'ഹുസ്നുൽ ജമാൽ' എന്ന വാക്കിന്റെ അർത്ഥമെന്ത് ?

II. **എഴുപത്തിയഞ്ചു (75)** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(4×1=4 വെയിറ്റേജ്)**

6) നരനാരായണരിരുവരുമെങ്ങാ –
രൊരുവർ കണ്ടാകിൽ പറവിൻ വൈകാതെ. സന്ദർഭമെന്ത് ?

7) 'ചാലെത്തൊലിച്ചുള്ള വാഴപ്പഴങ്ങളും
ചാടിക്കളഞ്ഞീതു ചാപല്യത്താൽ
അത്തൊലിതന്നെ വിളമ്പി നിന്നീടിനാൾ
ചിത്തം മയങ്ങിനാലെന്നു ഞായം' – സ്വാരസ്യം വിശദമാക്കുക.

8) 'കലികാലത്തെ ഭാരതഖണ്ഡത്തെ
കലിതാദരം കൈവണങ്ങീടുന്നു' – വിശദമാക്കുക.

9) 'കള്ളപ്രയോഗങ്ങളിങ്ങനെ നിർമ്മിച്ചു ;
കള്ളനേ കള്ളമറിഞ്ഞുകൂടൂ' – സന്ദർഭം വിശദമാക്കുക.

10) 'അഞ്ചാറു നാഴികപ്പകലുള്ളപ്പോഴാദിത്യബിംബം
അഞ്ചാതെ തൃച്ചക്രം കൊണ്ടു മറച്ചു കൃഷ്ണൻ' – സന്ദർഭം വ്യക്തമാക്കി സൂചിതം വിവരിക്കുക.

III. **നൂറ്റമ്പത് (150)** വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
**(5×2=10 വെയിറ്റേജ്)**

11) 'ഇവൻ തുണയായിട്ടരക്കില്ലത്തിലി –
ട്ടടച്ചു തീ വച്ചു കളഞ്ഞു നൂറ്റുപേർ
ഇവനെക്കൊല്ലുവാനുഴറുകവേണം
പവനപുത്രനു തുണയുമില്ലാരും' – സന്ദർഭം വ്യക്തമാക്കുക.

12) 'അത്ര പോരുന്ന ഭഗവതിയെങ്കിൽ
എനിക്കൊന്ന് പോയിക്കാണുക വേണം'
ആരുടെ വാക്കുകൾ ? സന്ദർഭം വ്യക്തമാക്കുക.

13) 'ഒന്നെന്നുള്ളിലുറയ്ക്കും ജനങ്ങൾക്കു
ഒന്നുകൊണ്ടറിയാവുന്ന വസ്തുവായ്
ഒന്നിലുമുറയ്ക്കാത്ത ജനങ്ങൾക്കു
ഒന്നുകൊണ്ടും തിരിയാത്ത വസ്തുവായ്, സൂചിതമെന്ത് ?

14) ആന വിറ്റു പണമുണ്ടാക്കുന്നവരെത്തെളിയിപ്പാൻ
ചേന വിറ്റു പൊറുക്കുന്ന ചങ്ങാതി മതിയാമോ ? ആശയം വ്യക്തമാക്കുക.

15) സൗവർണ്ണഹംസം ചെയ്യോരു സൗഹൃദമായൊരു സൗഹൃദമേ !
പോയ് വന്നു നിൻമനവും വർണ്ണിതവാൻ മമ കർണ്ണസുധാം.
– സന്ദർഭം വിശദമാക്കുക.

16) കർണ്ണന്റെ നാഗാസ്ത്രമർജ്ജുനന്റെ മഹാകിരീടത്തെ
മണ്ണിലാക്കി, കഴുത്തറുത്തില്ല, സൂതനാം
കണ്ണനൂഴി താഴ്ത്തുകകൊണ്ടീവണ്ണമെന്തെല്ലാം കൂട്ടം
കർമ്മം പാർത്ഥന്മാർക്കുവേണ്ടീട്ടച്യുതൻ ചെയ്തു. വിവക്ഷിതമെന്ത് ?

IV. **മുന്നൂറു (300)** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
**(3×4=12 വെയിറ്റേജ്)**

17) ''ലളിതങ്ങളായ സംസ്കൃതപദങ്ങൾ ധാരാളമായി ഉപയോഗിച്ചിട്ടുണ്ടെങ്കിലും മലയാള ഭാഷകൊണ്ടു കൈകാര്യം ചെയ്യുന്ന വിഷയത്തിൽ കൃഷ്ണഗാഥയെ അതിശയിക്കുന്ന ഒരു കവിത മലയാളത്തിൽ ഉണ്ടായിട്ടില്ലെന്നു തീർത്തു പറയാവുന്നതാണ് ''– പാഠഭാഗത്തെ ആസ്പദമാക്കി ഉപന്യസിക്കുക.

18) 'സാധാരണക്കാരന്റെ ദാർശനിക കാവ്യമാണ് ജ്ഞാനപ്പാന' – ആ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

19) നാടകഘടനയെ അനുവർത്തിക്കുന്ന ആട്ടക്കഥ എന്ന നിലയിൽ 'നളചരിത'ത്തിന്റെ സ്ഥാനം പരിശോധിക്കുക.

20) അറബിമലയാളത്തിന്റെ പ്രത്യേകതകൾ ബദറുൽ മുനീർ – ഹുസ്നുൽ ജമാലിനെ മുൻനിർത്തി ഉപന്യസിക്കുക.

---